ഡിസംബർ 2016

"........അവിടുത്തെ ഭക്തരുടെമേൽ തലമുകൾ തോറും അവിടുന്ന് കരുണ വർഷിക്കും....."

............................................. (ലൂക്കാ 1: 49-52) .......................................................

## വിചിന്തനം

കരുണയുടെ അസാധാരണ ജൂബിലി വർഷം കഴിഞ്ഞു. നമ്മുടെ മനസിൽ ഒരു ചോദ്യമുയർന്നേക്കാം; കരുണയുടെ സമയം തീർന്നുവോ?

ദൈവത്തിന്റെ കരുണ അന്തമില്ലാത്തതും കാലാതീതവുമാണ്. ജൂബിലിവത്സരം കൃപയുടെയും കരുണയുടെയും ഒരു സവിശേഷ കാലയളവായിരുന്നു. എങ്കിലും ദൈവത്തിന്റെ കരുണ, അനുതാപ പൂർണ്ണമായ ഹൃദയത്തോടെ അവിടത്തെ സമീപിക്കുകയും കരുണ യാചിക്കുകയും ചെയ്യുന്ന സകലർക്കും സദാ സംലഭ്യമാണ്. കാലത്തിനോ ജനതയ്ക്കോ മറ്റ് എന്തിനെങ്കിലുമോ അതിനെ പരിമിതപ്പെടുത്താനാവില്ല.

വി.ലൂക്കയുടെ സുവിശേഷത്തിൽ, സർവശക്തനായ ദൈവത്തെ പ്രകീർത്തിക്കുന്ന മറിയത്തിന്റെ സ്തോത്രഗീതം നാം വായിക്കുന്നു. അവളുടെ ഗീതത്തിലെ ഒരു പ്രമേയം അനന്തവും തലമുറകൾ തോറും വർഷിക്കപ്പെടുന്നതുമായ ദൈവത്തിന്റെ കരുണയാണ്. ദൈവത്തെ ഭയപ്പെടുന്നവരുടെമേൽ, ദൈവത്തെ തങ്ങളുടെ നാഥനായി വണങ്ങുന്നവരുടെമേൽ അവിടത്തെ കരുണയുണ്ടാകും. മറിയത്തേക്കാൾ ശക്തമായി ദൈവ കരുണ സാക്ഷ്യപ്പെടുത്തുവാൻ ചരിത്രത്തിൽ മറ്റൊരാളില്ല. മനുഷ്യപ്രകൃതം കൈക്കൊള്ളുവാൻ ദൈവ കരുണ അവളുടെ മേൽ ഇറങ്ങിവന്നു. അമലോത്ഭവത്തിലൂടെ അവൾ ഏറ്റവും മഹത്തായ കരുണ അനുഭവിച്ചു; ഗർഭധാരണ നിമിഷത്തിൽ ജ്ഞാനസ്നാന കൃപ പകരുന്നതിനായി രക്ഷയുടെ കൃപ വിശുദ്ധ അന്നയുടെ ഉദരത്തെ സ്പർശിച്ചു. ദൈവിക തിരഞ്ഞെടുപ്പും കൃപയുടെ ക്രമവും വഴി അവൾ നമ്മുടെ മാതാവാണ്.

തിരുസഭ മറിയത്തെ കരുണയുടെ മാതാവായി വണങ്ങുന്നു. യേശു ദൈവകരുണയുടെ ദൃശ്യമായ മുഖമാണെന്നു നാം പറയുമ്പോൾ, സ്വാഭാവികമായി യേശുവിന്റെ അമ്മ കരുണയുടെ അമ്മയാണ്. പരിശുദ്ധ മറിയത്തിൽ, ചൈതന്യത്തിലും പ്രവൃത്തിയിലും ഉള്ള കരുണയുടെ ഒരു യഥാർത്ഥ മാതൃക നമുക്കു കാണാം. പരിശുദ്ധ അമ്മയിൽ നമുക്ക് അനുകരിക്കാവുന്നവയിൽ ചിലതു മാത്രം ചുവടെ ചേർക്കുന്നു.

1) ദൈവത്തിലും അവിടത്തെ പരിപാലനയിലുമുള്ള പൂർണ്ണ ആശയത്വം: യേശുവിന്റെ ജനനത്തെക്കുറിച്ച് മുഖ്യദൂതനിലൂടെ ദൈവം സംസാരിച്ചവ സംശയമോ, ഭയമോ, ഉത്കണ്ഠയോ കൂടാതെ മറിയം സ്വീകരിച്ചു.

2) ദൈവവചനം ഹൃദയത്തിൽ ധ്യാനിച്ചു: മറിയം ദൈവവചനം അവളുടെ ഹൃദയത്തിൽ നിരന്തരം ധ്യാനിച്ചു. അങ്ങിനെ അവളുടെ ശ്രദ്ധയത്രയും ദൈവത്തിലും അവിടത്തെ വാഗ്ദാനങ്ങളിലും കേന്ദ്രീകരിച്ചു.

3) സഹായഹസ്തവുമായി തിടുക്കത്തിൽ പോയി: എലിസബത്തിന്റെ ഗർഭാധരണത്തെക്കുറിച്ചു കേട്ട നിമിഷം, അവളെക്കാണാൻ മറിയം തിടുക്കത്തിൽ പുറപ്പെട്ടു; അവളോടൊപ്പം വസിച്ചു; ഗർഭകാലത്ത് അവളെ സഹായിച്ചു.

4) മറ്റുള്ളവർക്കുവേണ്ടി മാധ്യസ്ഥം വഹിച്ചു: കാനായിലെ കല്യാണവിരുന്നിൽ, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണമെന്ന് യേശുവിനോട് ആവശ്യപ്പെട്ടുകൊണ്ട് മറിയം ഇടപെട്ടു: യേശു നിറവേറ്റി.

5) സഹനങ്ങളുടെ മധ്യേയുള്ള ശാന്തത: യേശുവിന്റെ ജനന നിമിഷം മുതൽ ഈജിപ്തിലേക്കുള്ള പാലായനത്തിലും നസറത്തിലേക്കുള്ള മടക്കയാത്രയിലും അവിടത്തെ കുരിശുമരണംവരെ മറിയം സഹനങ്ങൾ ശാന്തതയോടെ ഏറ്റുവാങ്ങി. മറിയം തീവ്രമായ സഹനത്തിന്റെ മധ്യേയും ദൈവത്തിന്റെ സമാധാനത്തേയും കരുണയെയും കുറിച്ച് തികഞ്ഞ അവബോധമുള്ളവളായിരുന്നു.

6) താഴ്മ: ദൈവപുത്രനെ, ലോക രക്ഷകനെ ആണ് താൻ പേറുന്നതെന്നറിഞ്ഞിരുന്നിട്ടും മറിയം ശാന്തശീലയും വിനയാന്വിതയുമായിരുന്നു: എന്തെങ്കിലും അവകാശവാദവുമായി അവൾ മുന്നോട്ടു വന്നില്ല. എന്നാൽ ദൈവം അവളെ ഉയർത്തി.

ലോകത്തിന്റെ മതപീഡനങ്ങളുടെയും ദൈവത്തിന്റെ സാന്ത്വനത്തിന്റെയും മധ്യേ കർത്താവിന്റെ പീഡാസഹനവും മരണവും പ്രഘോഷിച്ചുകൊണ്ട് അവിടത്തെ രണ്ടാം ആഗമനം വരെ മുന്നേറുന്ന തീർത്ഥാടക സഭയുടെ ക്രമീകരണമാണ് മറിയം. ദൈവത്തിന്റെ മഹാകരുണയെ കുറിച്ച് അവൾ തികച്ചും ബോധവതിയായിരുന്നു. അവളുടെ ജീവിതമൊന്നാകെ ഈ കരുണയിലുള്ള അവളുടെ ശരണം പ്രതിഫലിപ്പിക്കുന്നു. അത് “ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!” എന്ന വാക്കുകളിൽ പ്രതിഫലിക്കുന്നു. ദൈവം അവളെ ഉയർത്തി, യേശുവിന്റെയും സകലരുടെയും അമ്മയാകാൻ.

ജൂബിലിവത്സരം സമാപിക്കുമ്പോൾ, ദൈവകരുണയിലുള്ള മറിയത്തിന്റെ ശരണത്തിന്റെ മാതൃക പിൻചെല്ലാൻ നമുക്ക് അവളുടെ മാധ്യസ്ഥ്യം തേടാം. കരുണയുടെ മാതാവ്, നമ്മുടെ ജീവിതപാതയിൽ നമ്മുടെ ചുവടുകളെ നയിച്ചുകൊണ്ട്, കരുണയുടെ മുഖമായ യേശുവിലേക്ക് നമ്മെ ആനയിച്ചുകൊണ്ട് നമ്മോടൊപ്പമുണ്ടാവട്ടെ.

## വിശുദ്ധൻ പറയുന്നു

“എപ്പോഴെങ്കിലും നിങ്ങൾ ദുരിതത്തിലകപ്പെട്ടാൽ, മറിയത്തെ വിളിച്ചപേക്ഷിക്കുക: ‘മറിയമേ, യേശുവിന്റെ അമ്മേ, ഇപ്പോൾ എനിക്കും അമ്മയായിരിക്കണമെ’ ഈ പ്രാർത്ഥന ഒരിക്കൽപോലും ഞാൻ പരാജയപ്പെടാൻ ഇടയാക്കിയിട്ടില്ല.”

“മറിയമേ, നിന്റെ ഹൃദയം എനിക്കു തരിക; നിന്റെ ഹൃദയം മനോജ്ഞവും, പവിത്രവും അമലവുമാണ്; അതു നിറയെ സ്നേഹവും വിനയവുമാണ്. അങ്ങിനെ ഞാൻ ജീവന്റെ അപ്പത്തിൽ യേശുവിനെ സ്വീകരിക്കാൻ പ്രാപ്തയാവട്ടെ. നീ അവനെ സ്നേഹിച്ചതുപോലെ സ്നേഹിക്കാനും പാവപ്പെട്ടവരിൽ അവനെ ശുശ്രൂഷിക്കാനും എനിക്കാവട്ടെ.” (വിശുദ്ധ മദർ തെരേസ)

## മാർപാപ്പയുടെ മൊഴികൾ

മറ്റൊരാളും സ്വീകരിക്കാത്തവിധം സവിശേഷമായി സുനിശ്ചിതമായ കരുണ സ്വീകരിച്ചവളാണ് മറിയം. അതേസമയം തന്നെ തികച്ചും വ്യത്യസ്തമായ മാർഗത്തിൽ അവളുടെ ഹൃദയത്തിന്റെ ബലിയർപ്പണത്തിലൂടെ ദൈവകരുണ വെളിപ്പെടുത്തുന്നതിൽ സ്വന്തം പങ്ക് വഹിക്കാൻ അവൾക്കു കഴിഞ്ഞു. ഈ പരിത്യാഗം അവളുടെ പുത്രന്റെ കുരിശുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു; കാൽവരിയിൽ ആ കുരിശിൻചുവട്ടിലാണ് അവൾ നിലകൊള്ളേണ്ടിയിരുന്നത്. അവളുടെ ബലി കരുണയുടെ വെളിപ്പെടുത്തലിലെ സമാനതകളില്ലാത്ത ഒരു പങ്കുചേരലായിരുന്നു. അത് അവിടത്തെ സ്നേഹത്തോടുള്ള, നിത്യതയിൽ നിന്ന് ഇഛിക്കുകയും കാലത്തിന്റെ തികവിൽ മനുഷ്യനോടും, ജനതയോടും മാനവരാശിയോടും ചെയ്ത ഉടമ്പടിയോടുള്ള ദൈവത്തിന്റെ വിശ്വസ്തതയിലെ ഒരു പങ്കുചേരലാണ്; അത് കുരിശിലൂടെ ആധികാരികമായി നിറവേറപ്പെട്ട വെളിപാടിലുള്ള ഒരു പങ്കുചേരലാണ്. കുരിശിന്റെ

രഹസ്യം, സ്നേഹവുമായുള്ള സർവാതിശായിയായ ദൈവികനീതിയുടെ കീഴ്പ്പെടുത്തുന്ന കണ്ടുമുട്ടൽ, നീതിക്ക് കരുണ നൽകുന്ന ആ "ചുംബനം" ക്രൂശിതന്റെ മാതാവ് അനുഭവിച്ചയളവിൽ ആരും അനുഭവിച്ചിട്ടില്ല. ആ രഹസ്യം, പുത്രന്റെ മരണം വഴി കാൽവരിയിൽ സാധിതമായ രക്ഷയുടെ യഥാർത്ഥമായ ദൈവികമാനം, അവളുടെ മാതൃഹൃദയത്തിന്റെ ബലിയർപ്പണത്തോടുചേർന്ന്, അവളുടെ അന്തിമമായ "സമ്മത"ത്തോടു ചേർന്ന് മറിയം ഹൃദയത്തിൽ ഉൾചേർത്തതുപോലെ മറ്റാരും ചെയ്തിട്ടില്ല.

അപ്പോൾ മറിയമാണ് ദൈവകരുണയുടെ രഹസ്യത്തെക്കുറിച്ച് ഏറ്റവും അഗാധമായ അറിവുള്ള ഏകവ്യക്തി. അവൾക്ക് അതിന്റെ വില അറിയാം; അത് എത്ര മഹത്തരമെന്ന് അവൾക്ക് അറിയാം. ഈയർത്ഥത്തിൽ നാം അവളെ കരുണയുടെ മാതാവ് എന്നു വിളിക്കുന്നു. നമ്മുടെ കരുണയുടെ രാജ്ഞി, ദൈവകരുണയുടെ മാതാവ്. ഓരോ പദവിയും ആഴമേറിയ ദൈവശാസ്ത്ര മാനങ്ങളുണ്ട്. അത് അവളുടെ ആത്മാവിന്റെ ഒരുക്കം, അവളുടെ സമ്പൂർണ്ണ വ്യക്തിത്വം, പ്രകാശിപ്പിക്കുന്നു. ആദ്യം ഇസ്രായേലിന്റേയും പിന്നീട് ഓരോ വ്യക്തികളുടേയും മാനവരാശിയുടെയും സങ്കീർണ്ണമായ സംഭവങ്ങളിലൂടെ പരമ പരിശുദ്ധ ത്രിത്വത്തിന്റെ നിത്യമായ പദ്ധതിയനുസരിച്ച് തലമുറകളായി സകലരും പങ്കുപറ്റുന്ന ആ കരുണ ഗ്രഹിക്കുവാൻ അവൾക്കു കഴിഞ്ഞു.

വി.ജോൺ പോൾ രണ്ടാമൻ, 1980 നവംബർ 30

## കാരുണ്യപ്രവൃത്തികൾ

അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്, സംശയമുള്ളവരുടെ സംശയം തീർക്കുന്നത്, മരിച്ചവരെ അടക്കുന്നത്.

മറിയത്തിന്റെ സ്തോത്രഗീതം ദൈവകരുണയുടെ ആനന്ദദായക രഹസ്യം ആലപിക്കുന്നു. കരുണയെന്ന രഹസ്യം നാം ധ്യാനിക്കുമ്പോൾ ദൈവിക കരുണയുടെ മാതാവായ പരിശുദ്ധ അമ്മയിൽ ദൃഷ്ടി ഉറപ്പിക്കാൻ നാം വിളിക്കപ്പെടുകയാണ്. നമ്മെ ഉപദേശിക്കാൻ, നമ്മെ പഠിപ്പിക്കാൻ, നിത്യജീവനിലേക്ക് - അവളുടെ ഉദരഫലമായ യേശുവിലേക്ക് - നയിക്കാൻ നമ്മുടെ ജീവിതത്തിൽ നമുക്ക് അവളെ വേണം. സ്തോത്രഗീതം നാം പ്രാർത്ഥിക്കുമ്പോൾ, അശരണരെ കരുണയുടെ ഈ മഹാസ്രോതസിലേക്ക് നയിക്കാൻ അവരോട് ഔദാര്യത്തോടും ആർദ്രതയോടും കൂടി പെരുമാറുവാൻ നമ്മെ സഹായിക്കണമേയെന്ന് നമുക്ക് അവളോട് അപേക്ഷിക്കാം. നമ്മുടെ ഭാഷയും, പ്രവൃത്തികളും ചേഷ്ടകളും കരുണ പ്രസരിപ്പിക്കുന്നതിലും സംശയാലുക്കളുടെ ഹൃദയത്തെ സ്പർശിക്കുന്നതിനും വിശ്വാസത്തിലും പ്രത്യാശയിലും മരിച്ചവരെ ജീവനിലേക്ക് - കരുണാസമ്പന്നനായ പിതാവിലേക്ക് - നയിക്കുന്ന പാതയിലേക്ക് സ്നേഹപൂർവം ആനയിക്കുന്നതിനും വേണ്ടുന്ന കൃപയ്ക്കായി അവളോട് അപേക്ഷിക്കാം.

പരിശുദ്ധ അമ്മേ, ദൈവകൃപയുടെ മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ....

# തിരക്കുകൂട്ടലുകളുടെ മധ്യേ ഒരു ക്രിസ്മസ്!

**ക്രിസ്മസ് ദൂത്** – Rev.Fr.Bitaju Mathew O.S.S.T Jesus Youth Int'l Chaplain

ഹോസ്റ്റലിലെ കുട്ടികളോടുകൂടെ ഹോസ്റ്റലിലെ പൂന്തോട്ടത്തിൽ ഞങ്ങൾ പലതരം ചെടികളുടെ വിത്തുകൾ പാകി. അതു നനയ്ക്കാൻ കുട്ടികൾക്കു കുറച്ചുദിവസത്തേക്കു ഏറെ ഉത്സാഹമായിരുന്നു. മൂന്നുദിവസങ്ങൾ കഴിഞ്ഞു. വിത്തുകൾക്ക് എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ച് അവർ ആകാംക്ഷഭരിതരായി. അവ മുളപൊട്ടിവരുന്നതിന്റെ യാതൊരു ലക്ഷണവുമില്ലായിരുന്നു. കുഴിച്ചുനോക്കണമെന്നു ചിലർക്കു തോന്നി. ആഴ്ച ഒന്നു പിന്നിട്ടു. ഇനി കാത്തിരിക്കാനാവില്ല. അവർ മാന്തി വിത്തുകൾ പുറത്തെടുത്തു.

ധൃതിപ്പെടലിന്റെ ഒരു സംസ്ക്കാരത്തിൽ കാത്തിരിക്കുകയെന്ന ശീലം നമ്മിൽ പലർക്കുമില്ല. എല്ലാം അടിയന്തിരമാണ്. എല്ലാം ഈ നിമിഷം തന്നെ വേണം. സകലിടത്തും തിരക്കുകൂട്ടൽ. ശീഘ്രതത്തിൽ ആശ്വാസവും സൗഖ്യവും പരിഹാരവും പ്രതീക്ഷിക്കുന്നവർക്ക് പ്രത്യാശയെന്നത് അന്യമാണ്. വ്യാപകമായ സംസ്ക്കാരം പ്രത്യാശയുടെ ഈ കാലയളവിനു കുറുക്കുവഴികൾ തേടുന്നതിനാൽ നാം ആഗമനകാലത്തെ ജാഗ്രതയോടെ പരിരക്ഷിക്കാൻ പാടുപെടുകയാണ്. തീവ്രമായി അഭിലഷിക്കുന്ന, പ്രത്യാശിക്കുന്ന, ആശ്രയിക്കുന്ന നമ്മിലെ ഭാവങ്ങളുമായി ബന്ധപ്പെടാതെ ക്രിസ്മസ് ആഘോഷിക്കുന്നതിലേക്ക് നേരെ പ്രവേശിക്കുവാൻ നാം പ്രലോഭിതരാവുകയാണ്.

കാത്തിരിക്കുന്നതും ആയാസകരമാണ്; കാരണം നമ്മുടെ നിയന്ത്രണത്തിലല്ലാ - ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്ന് സമ്മതിക്കുവാൻ നാം നിർബന്ധിതരാണ്. ഒരു സുഹൃത്ത് വിവാഹം കഴിഞ്ഞ് എട്ടുവർഷത്തിനുശേഷം ഗർഭിണിയായി. അവളുടെയുള്ളിൽ പ്രകൃത്യായുള്ള പ്രക്രിയ വികസിതമാകുമ്പോൾ അവൾ വല്ലാത്തൊരു നിസഹായവസ്ഥ അനുഭവിച്ചുതുടങ്ങി. അവളുടെ ഭർത്താവിനും അവളോടൊപ്പം കാത്തിരിക്കുവാൻ മാത്രമെ കഴിയു. അവളേയും ഉദരസ്ഥ ശിശുവിനേയും സ്നേഹിച്ചും സഹായിച്ചും കഴിയുന്ന അയാൾക്ക് ഈ പ്രക്രിയ ത്വരിതപ്പെടുത്താനാവില്ല.

ഈയടുത്ത നാളുകളിൽ ജീസസ് യൂത്തിന്റെ ഭാരതത്തിലെ ദേശീയ, അന്തർദേശീയ ഓഫീസുകൾ വൻ അഗ്നിബാധയ്ക്കിരയായി ചാമ്പലായി. എന്നെ അമ്പരപ്പിച്ചത് ദൈവത്തിന്റെ പരിപാലനയിലും പദ്ധതിയിലും പ്രത്യാശയർപ്പിച്ചും ആശ്രയിച്ചും ഉള്ള അതിശയകരമായ സന്ദേശങ്ങളും സംഭാഷണങ്ങളുമാണ്. നിസ്സഹായതയുടെയും അനിയന്ത്രിതമായ നശീകരണത്തിന്റെയും നടുവിൽ ഇത്തരം പ്രതികരണങ്ങൾ അപൂർവമാണ്. വിശുദ്ധ പൗലോസിന്റെ വാക്കുകൾ സ്മരിക്കാം.

“കാണാത്തതിനെയാണ് നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും.” റോമ. 8:25

കണ്ണുനീർ ചാലുകീറിയ, ചുളിവുകളാൽ പൂരിതമായ മുഖമുള്ള തൊണ്ണൂറുകാരി സാറാ അവിശ്വസിക്കുന്ന, ചഞ്ചലചിത്തനായ അബ്രാഹിമിനോടു പറഞ്ഞു: “പ്രിയനെ, നാം ഗർഭസ്ഥരാണ്” വിസ്മയഭരിതയായ കൗമാരക്കാരി മറിയം അതേപോലെ തന്നെ ആശയക്കുഴപ്പത്തിലായിരുന്ന ജോസഫിനോടും ഇതേ വാക്കുകൾ മൊഴിഞ്ഞു. നാടകീയമായ ഈ വാക്കുകൾ സൂചിപ്പിക്കുക, ജനനത്തിന്റെ ആനന്ദമല്ല, മറിച്ച് സ്നേഹത്തിന്റെ വിസ്മയിപ്പിക്കുന്ന

ആകസ്മികത്വമാണ്; മാത്രമല്ല, കാത്തിരിപ്പിന്റെ കാലയളവിന്റെ - ദൈവം നമ്മോടുകൂടെയുള്ള കാലയളവിന്റെ - തുടക്കവും.

ആഗമനകാലത്തിന്റെ പൊതുഭാവം പ്രത്യാശയോടുകൂടിയ കാത്തിരിപ്പാണ്. അത് എത്തിച്ചേരുന്നത് ക്രിസ്മസിന്റെ വിസ്മയകരമായ ആകസ്മികത്വത്തിലും ആനന്ദത്തിലുമാണ്. ഞാൻ പതിവായി നേരിടുന്ന രോഗത്തിന്റെയും വേദനയുടെയും പ്രതിസന്ധികളുടെയും പരാജയങ്ങളുടെയും അനിശ്ചിതത്വത്തിന്റെയും അസാധ്യതകളുടെയും തകർച്ചയുടെയും മധ്യേ, അവിടത്തെ നിയന്ത്രണത്തിലാണെന്നു വിശ്വസിച്ചുകൊണ്ട് എനിക്ക് പ്രത്യാശയോടെ കാത്തിരിക്കാനാവുമോ? അബ്രഹാമും സാറായും ആഗമനവീരനായകരാണ്; അത് അവരുടെ ജീവിതത്തിലേക്ക് കൃപ അതിക്രമിച്ചു കയറിയെന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ, വാഗ്ദാനം നൽകിയ ദൈവത്തെ അവർ വിശ്വസിച്ചു എന്നതിനാലാണ്. കൃപയുടെ ആകസ്മിക നിമിഷങ്ങളിൽ നാം ദൈവത്തെ കണ്ടെത്തുന്നു; സ്ഥിരതയോടെയുള്ള കാത്തിരിപ്പിനും ആശ്രയത്വത്തവും ആവശ്യപ്പെടുന്ന അനുഭവങ്ങളിൽ നാം ദൈവത്തെ കണ്ടെത്തുന്നു.

ജീസസ് യൂത്ത് കുടുംബമെന്ന നിലയിൽ വർഷങ്ങളിലൂടെയുള്ള നമ്മുടെ വെട്ടിയൊരുക്കലും രൂപവല്ക്കരണവും നമ്മെ വെല്ലുവിളിക്കുന്ന എല്ലാ സാഹചര്യങ്ങളിലും ക്ഷമാപൂർവ്വം കാത്തിരിക്കാൻ നമ്മെ സഹായിച്ചിട്ടുണ്ട്. നമ്മുടെ കാലഘട്ടത്തിലെ തിരക്കുകൂട്ടലിന്റെ സംസ്ക്കാരത്തിൽ നാം ക്ഷണിക്കപ്പെടുന്നത് പ്രത്യാശയോടെ കാത്തിരിക്കുന്നതിലെയും കർത്താവ് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നതിൽ ശരണം വയ്ക്കുന്നതിലെയും മൂല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനാണ്. നമ്മുടെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ ഈ ആഗമനകാലം നമുക്കു നിരവധി അവസരങ്ങൾ പ്രദാനം ചെയ്യട്ടെയെന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ ക്രിസ്മസിന്റെ ആനന്ദം ദൈവം നമ്മോടുകൂടെ എന്ന സർവാതിശായിയായ അനുഭവത്താൽ നമ്മെ പൊതിയട്ടെ.

പ്രത്യാശനിർഭരമായ ആഗമനദിനങ്ങളും ആനന്ദപൂരിതമായ ക്രിസ്മസ് കാലയളവും നേരുന്നു.